പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 99. — 12/03/2015 -ൽ മറുപടിക്ക്

**ആധാരം രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>" . ഷാഫി പറമ്പിൽ<br>" . എ. പി. അബ്ദുള്ളക്കുട്ടി | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ആധാരം രജിസ്ട്രേഷന് ഓൺ ലൈൻ സംവിധാനം ഏർപ്പെടുത്തി യിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) ആധാര രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ആധാരങ്ങൾ തയ്യാറാക്കി ഓൺലൈനായി സമർപ്പിക്കുവാനും കക്ഷികളുടെ സൗകര്യത്തിന് അനുസ രിച്ചുള്ള തീയതിയും സമയവും നിശ്ചയി ച്ചുകൊണ്ട് ടോക്കൺ നേരത്തെ എടുക്കാ നുമുള്ള സൗകര്യം തിരുവനന്തപുരം ജില്ല യിലെ 41 സബ് രജിസ്ട്രാർ ഓഫീസുക ളിലും നടപ്പിലാക്കിയിട്ടുണ്ട്. മറ്റു ജില്ലകളി ലേക്കുകൂടി ഈ സംവിധാനം നടപ്പിലാ ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേ ശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | ബി) സംസ്ഥാനത്തെ 311 സബ് രജിസ്ട്രാർ ഓഫീസുകളിലെയും വിവരങ്ങൾ ക്രോഡീകരിച്ച് തിരുവനന്തപുരത്തുള്ള ഡേറ്റാ സെന്ററിലെ കമ്പ്യൂട്ടറുകളിൽ ശേഖരിക്കുക വഴി രജിസ്ട്രേഷൻ സംബ ന്ധമായ സേവനങ്ങൾ ഇന്റർനെറ്റ് അധി ഷ്ഠിത സംവിധാനത്തിലേക്ക് മാറ്റി ക്കൊണ്ട്, സബ് രജിസ്ട്രാർ ഓഫീസുക ളുടെ പ്രവർത്തനത്തിൽ ഒരു പുതിയ ചുവടുവയ്പ് കാഴ്ചവയ്ക്കുവാൻ ഈ പദ്ധതിയിലൂടെ സർക്കാർ ഉദ്ദേശിക്കുന്നു. നിലവിലെ പ്രവർത്തനരീതിക്ക് പകരം, 311 സബ് രജിസ്ട്രാർ ഓഫീസുകളെയും ഒരു പ്രത്യേക കമ്പ്യൂട്ടർ ശൃംഖലവഴി തിരുവ നന്തപുരത്തുള്ള ഡേറ്റാ സെന്ററുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള പ്രവർ ത്തനരീതിയാണ് വിഭാവനം ചെയ്തി ട്ടുള്ളത്. പദ്ധതിയുടെ അവിഭാജ്യഘടക മായ കണക്റ്റിവിറ്റി സൗകര്യം ബി.എസ്. |

എൻ.എൽ-ൽ നിന്ന് ലഭ്യമാക്കി, Kerala State Wide Area ശൃംഖലയുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഈ സംവിധാനം പ്രാബല്യത്തിൽ വരുമ്പോൾ, സംസ്ഥാനത്തെ രജിസ്ട്രേഷൻ വിവരങ്ങൾ അപ്പപ്പോൾത്തന്നെ തിരുവനന്തപുരത്തെ കേന്ദ്ര കമ്പ്യൂട്ടറിൽ (സർവർ) ലഭ്യമാകും. അതുവഴി, സർക്കാരിന് രജിസ്ട്രേഷൻ സംബന്ധിച്ച സംസ്ഥാനതല വിവരങ്ങൾ ഉടനടി ലഭ്യമാകുന്നു. ബാങ്കുകൾക്കും മറ്റ് ധനകാര്യസ്ഥാപനങ്ങൾക്കും വസ്തുക്കളുടെ ഉടമസ്ഥാവകാശം ഉറപ്പാക്കുന്നതിനുമുള്ള സൗകര്യം ഇതുമൂലം ലഭിക്കും.

സി) പ്രസ്തുത സംവിധാനം വഴി എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

സി) രജിസ്ട്രേഷനുവേണ്ടി ആഫീസിൽ ഹാജരാകേണ്ട സമയം കക്ഷികൾക്കുതന്നെ നിശ്ചയിക്കുന്നതിനുള്ള സൗകര്യമാണ് പ്രസ്തുത സംവിധാനത്തിലൂടെ ലഭിക്കുന്നത്. മേൽ സംവിധാനത്തിലൂടെ, പൊതുജനങ്ങൾക്ക് സമയലാഭം ഉണ്ടാകുന്നതാണ്. ഹാജരാക്കുന്ന ആധാരങ്ങളുടെ രജിസ്ട്രേഷൻ വ്യക്തമായ കാരണങ്ങൾ ഇല്ലാതെ നീട്ടിവയ്ക്കുന്നു എന്ന പരാതി ഇതിലൂടെ പരിഹരിക്കുവാൻ സാധിക്കും.

കൂടാതെ വിദേശത്തുള്ള കക്ഷികൾക്ക് ആധാര രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അവരുടെ ഫോട്ടോ, വിരൽ പതിപ്പ് എന്നിവ ഓൺലൈനായി സബ് രജിസ്ട്രാർ ആഫീസിൽ സമർപ്പിക്കുവാനും സാധിക്കും.

ഡി) ഓൺലൈൻ സംവിധാനവുമായി സഹകരിക്കുന്നവർ ആരൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

ഡി) രജിസ്ട്രേഷൻ, ട്രഷറി വകുപ്പുകൾക്ക് പുറമെ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ, സി-ഡിറ്റ്, കെൽട്രോൺ എന്നീ സർക്കാർ സ്ഥാപനങ്ങളും ആധാരമെഴുത്ത് സ്ഥാപനങ്ങൾ, ആധാരമെഴുത്ത് ലൈസൻസികൾ എന്നിവരും ഈ പദ്ധതിയുമായി സഹകരിക്കുന്നു.

ഇ) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഇ)

1. പദ്ധതിയുടെ പരീക്ഷണഘട്ടത്തിന് തിരുവനന്തപുരം ജില്ലയിലെ പട്ടം സബ് രജിസ്ട്രാർ ഓഫീസിൽ 1.9.2011-ൽ തുടക്കം കുറിക്കുകയും ആയത് വിജയകരമായി പൂർത്തീകരിച്ചതിന്റെയടിസ്ഥാനത്തിൽ ജില്ലയിലെ 41

സബ് രജിസ്ട്രാർ ഓഫീസുകളിൽ പദ്ധതി വ്യാപിപ്പിക്കുകയും ചെയ്തു.

2. ആദ്യഘട്ടത്തിൽ ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ, ആധാരപ്പകർപ്പുകൾ, വിവാഹം, ഗഹാൻ എന്നീ സേവനങ്ങൾക്കുള്ള അപേക്ഷാ വിവരങ്ങൾ ഓൺലൈനായി നല്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ആധാരങ്ങൾ തയ്യാറാക്കി ഓൺലൈനായി സമർപ്പിക്കുവാനും കക്ഷികളുടെ സൗകര്യത്തിന് അനുസരിച്ചുള്ള തീയതിയും സമയവും നിശ്ചയിച്ചുകൊണ്ടുള്ള ടോക്കൺ നേരത്തേ എടുക്കാനുമുള്ള സൗകര്യവും തിരുവനന്തപുരം ജില്ലയിലെ 41 സബ് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

3. മുദ്രകൾ ഇലക്ട്രോണിക് രൂപത്തിൽ നല്കുന്ന ഇ-സ്റ്റാമ്പിംഗ് പദ്ധതിയുടെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

4. സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്റ്റർ വാല്ല്യങ്ങളായി സൂക്ഷിച്ചിരിക്കുന്ന ആധാരപ്പകർപ്പുകൾ സ്കാൻ ചെയ്തുകൊണ്ട് ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചു.

5. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ നല്കുന്നതിനായി 1980 മുതലുള്ള ആധാരവിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ.